അധ്യായം 6

# മണിയങ്ങാട്ടു ചെമ്മൂക്കിമാക്കൽ ചാണ്ടി



എം.സി. ജോസഫ്



മറിയാമ്മ ജോസഫ്

## ജോസഫ് (ഔത)


ചെമ്മൂക്കിമാക്കൽ ലൂക്കാചാണ്ടിയുടെ രണ്ടാമത്തെ മകൻ ജോസഫ് (ഔത) 1894 ജനുവരി 24-നു ജനിച്ചു. കാലോചിതമായ വിദ്യാഭ്യാസത്തിനുശേഷം വിവാഹാന്തസ്സിൽ പ്രവേശിച്ചു. മാറിടം കൊച്ചയ്യങ്കനായിൽ ജോസഫ് - അന്ന മകൾ മറിയാമ്മ ആയിരുന്നു ജീവിതപങ്കാളി.

സംതൃപ്തവും സന്താനസൗഭാഗ്യപൂർണ്ണവുമായ കുടുംബജീവിതത്തിനുശേഷം പിതാവ് ജോസഫ് 1988 ഫെബ്രുവരി 27-ാം തീയതിയും മാതാവ് മറിയാമ്മ 1983 നവംബർ 16-ാം തീയതിയും കർത്താ

വിൽ നിദ്രപ്രാപിച്ചു. മുഴൂർപള്ളി സിമിത്തേരിയിലെ കുടുംബകല്ലറ യിൽ ഇരുവരെയും യഥാകാലം സംസ്കരിച്ചു.

ജോസഫ് - മറിയാമ്മ ദമ്പതികളുടെ ഏഴുസന്താനങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

മൂത്തമകൻ എം.ജെ. ചാണ്ടി (കൊച്ച്) 1924 സെപ്റ്റംബർ 21 -നു ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം സജീവരാഷ്ട്രീയപ്രവർത്തകനായി - സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് അറസ്റ്റു വരിച്ചിട്ടുണ്ട്. പിൽക്കാലത്ത് അകലക്കുന്നം പഞ്ചായത്ത് മെമ്പറായും അകലക്കുന്നം സർവീസ് സഹകരണബാങ്ക് ഡയറക്ടർ ബോർഡ് അംഗമായും ഒന്നിലധികം തവണ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.




**മണിയങ്ങാട്ട് എം.ജെ. ചാണ്ടി (കൊച്ച്) ഭാര്യ**

ചങ്ങനാശ്ശേരി കാട്ടടിയിൽ കെ.ജെ. ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ പുത്രി മറിയാമ്മയാണ് സഹധർമ്മിണി. ഇവർക്ക് എം.സി. മേരി, ജോസ് അലക്സാണ്ടർ, റജി റ്റോമി, എം.സി. അലക്സാണ്ടർ എന്ന നാലുമക്കൾ ജാതരായി. മകൾ എം.സി. മേരി കൂത്തുപറമ്പ് കോളേജിൽ അധ്യാപികയാണ്. ഭർത്താവ് പയ്യംപള്ളി വി.എ. ജോസഫും കോളേജ് അധ്യാപകനാണ്. ഈ അധ്യാപക ദമ്പതികൾക്ക് പ്രവീൺ, പ്രശാന്ത് എന്ന രണ്ടുപുത്രന്മാരുണ്ട്. പ്രവീൺ മെഡിസിൻ വിദ്യാർത്ഥിയാണ്.



**മണിയങ്ങാട്ട് എം.ജെ. ചാണ്ടി മകൻ ജോസും കുടുംബവും**

ചാണ്ടി - മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ റജിറ്റോം മണിമല കുന്താനത്തു ബേബിച്ചൻ - അന്നമ്മ ദമ്പതികളുടെ മകൻ റ്റോമിന്റെ കുടുംബിനിയായി. ഇരുവരും സൗത്ത് ആഫ്രിക്കയിൽ അധ്യാപകരാണ്. ഇവർക്ക് ശ്രുതി, സോണാ എന്നു രണ്ടു പുത്രിമാരുണ്ട്. ചാണ്ടിമറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായ ജോസ് സ്റ്റേറ്റ് ബാങ്കിൽ ഓഫീസറാണ്. ഭാര്യപൂവത്തോട് ചിലമ്പിൽകുന്നേൽ സി. ജെ. ജോസഫ് - അന്നക്കുട്ടി മകൾ സിസ്സിയാണ്. ഇവർക്ക് സിജോ എന്നൊരു പുത്രനുണ്ട്.



**മണിയങ്ങാട്ട് എം.ജെ. ചാണ്ടി മകൻ അലക്സും ഭാര്യയും**

ചാണ്ടി - മറിയാമ്മ ദമ്പതികളുടെ കനിഷ്ഠപുത്രൻ അലക്സാണ്ടർ ഇളങ്ങുളം പൂവത്തുംമൂട്ടിൽ ചാക്കോ-ത്രേസ്യാമ്മ മകൾ ആൻസിയെ പാണിഗ്രഹണം ചെയ്തു. ഇവർ അമേരിക്കയിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു.

ചെമ്മൂക്കിമാക്കൽ ജോസഫ് - മറിയാമ്മ ദമ്പതികളുടെ ദ്വിതീയ സന്താനമായ എം.ജെ. ജോസഫ് (കുഞ്ഞച്ചൻ) വെമ്പള്ളി മണ്ണാനിക്കാട്ടു തൊമ്മൻ ഏലിയാമ്മ മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഈ വിവാഹബന്ധത്തിൽ ജോസ്, ജോസമ്മ, ജോമിച്ചൻ, ജോളി എന്നു നാലുമക്കൾ ജനിച്ചു. 1959 ആഗസ്റ്റ് 19-ാം തീയതി കുട്ടികളുടെ മാതാവ് മറിയക്കുട്ടി മരണം പ്രാപിച്ചു. മൂഴൂർ പള്ളി സിമിത്തേരിയിൽ കബറടക്കി.

എം.ജെ. ജോസഫ് ആലപ്പുഴ കറുക്കപ്പറമ്പിൽ സെലീനായെ പുനർ വിവാഹം ചെയ്തു. ഈ പുനർവിവാഹത്തിൽ സുനിൽ, അനിൽ എന്ന പുത്രന്മാർ കൂടി ജനിച്ചു.

ആദ്യവിവാഹത്തിലെ മൂത്തപുത്രൻ ജോസ്, വാഴവേലിൽ ജേക്കബ് - ത്രേസ്യാമ്മ മകൾ റോസിയെ വിവാഹം ചെയ്തു. ഇവർക്ക് നെജി (മേരി) അജി (ജോസഫ്) ജെക്കോ (ജേക്കബ്) എന്ന മൂന്നുമക്കളുണ്ട്. ഈ കുടുംബം കണ്ണൂർ ജില്ലയിൽ പടപ്പങ്ങാട്ടു താമസിക്കുന്നു.

രണ്ടാമത്തെ സന്താനമായ ജോസമ്മയെ എറണാകുളം (കലൂർ) വലിയപറമ്പിൽ ജോസഫ് - റോസക്കുട്ടി ദമ്പതിമാരുടെ മകൻ അലക്സ് വിവാഹം ചെയ്തു. ഇവർക്ക് ഫെമി (റോസ്) ഷിമ (മേരി) എന്ന രണ്ടു പുത്രിമാരുണ്ട്. പുത്രിമാരിൽ ഫെമി വിവാഹിതയാണ്. പനച്ചിക്കൽ സെബാസ്റ്റ്യന്റെ പുത്രൻ ജിജിയാണ് വരൻ. ഷിമി എം.എസ്.സി. വിദ്യാർത്ഥിയാണ്.

മൂന്നാമത്തെ സന്താനമായ ജോമിച്ചൻ രാമപുരം ഇരുമ്പുകുഴിയിൽ തോമസിന്റെ മകൾ ഫിലോമിനയെ വിവാഹം കഴിച്ചു. ജോബിൻ (ജോസഫ്) ജിഫ്നാ (മേരി) എന്നു രണ്ടുകുട്ടികൾ ഇവർക്കുണ്ട്. ഈ കുടുംബം കണ്ണൂർജില്ലയിലെ പടപ്പങ്ങാട്ടു താമസിക്കുന്നു.

എം.ജെ. ജോസഫ് - മറിയക്കുട്ടി ദമ്പതികളുടെ ഇളയപുത്രി ജോളി (ഏലിയാമ്മ) കമ്പടത്ത് ജയിംസ് ഡിസെൽവാ, സ്റ്റെല്ലാ ദമ്പ

തികളുടെ പുത്രൻ കേണൽ സിറിൽ ഡിസെൽവായുടെ ജീവിത പങ്കാളിയായി. ഈ ദമ്പതികൾക്ക് നിധി എന്നൊരു മകളുണ്ട്.

എം.ജെ. ജോസഫ് 1995 ഡിസംബർ 16-ാം തീയതി നിര്യാത നായി. പടന്നകാട് ബാലേശരഗിരിപ്പള്ളി സിമിത്തേരിയിലെ കുടും ബകല്ലറയിൽ കബറടക്കി.

ചെമ്മുക്കിമാക്കൽ ചാണ്ടിജോസഫിന്റെ മൂന്നാമത്തെ സന്താ നമായ മരിയ അൽഫോൻസാ 1930 സെപ്റ്റംബർ 29-ാം തീയതി ഭൂജാതയായി. വിദ്യാഭ്യാസാനന്തരം ദൈവവിളിയനുസരിച്ച് കർമ്മ ലീത്താ സഭയിൽ ചേർന്നു. 1948 മെയ് 10-ാം തീയതി സഭാവസ്ത്രം സ്വീകരിച്ചു. സിസ്റ്റർ മരിയ അൽഫോൻസാ സി.എം.സി.യുടെ ആദ്യ വ്രതവാഗ്ദാനം 1949 മെയ് 17 നും നിത്യവ്രതവാഗ്ദാനം 1952 മെയ് 25 നും ആയിരുന്നു. സന്യാസവ്രതസ്വീകരണത്തിന്റെ രജതജൂബിലി 1974 മെയ് 17 നും സുവർണ്ണജൂബിലി 1999 മെയ് 17 നും സമുചിത മായി ആഘോഷിച്ചു. സി. അൽഫോൻസാ ഇപ്പോൾ മുട്ടുചിറ കർമ്മ ലീത്താമഠത്തിൽ അർപ്പിതജീവിതം നയിക്കുന്നു.



**മണിയങ്ങാട്ട് എം.ജെ. ലൂക്കായും കുടുംബവും**

ജോസഫ് - മറിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താന മായ എം.ജെ. ലൂക്കാ (പാപ്പച്ചൻ) എറണാകുളം വലിയപറമ്പിൽ ജോസഫ് - റോസക്കുട്ടി ദമ്പതികളുടെ പുത്രി മേരിക്കുട്ടിയെ പാണി ഗ്രഹണം ചെയ്തു. മേരിക്കുട്ടി ഇപ്പോൾ റിട്ട. നഴ്സിംഗ് സൂപ്രണ്ടാ ണ്. വൈദ്യ ബിരുദധാരികളായ ഡോ. സന്തോഷ്, ഡോ. അല ക്സാണ്ടർ എന്നിവരാണ് മക്കൾ ഡോ. സന്തോഷ് എം.ഡി.യുടെ

ഭാര്യ ഡോ. മഞ്ജുളയും എം.ഡി. ബിരുദധാരിണിയാണ്. ഈ ഡോക്ടർ ദമ്പതിമാർ ഉദ്യോഗാർത്ഥം ഗൾഫിൽ പ്രവസിച്ചിരിക്കുന്നു. ഇവർക്ക് ഒരു പുത്രിയുണ്ട്.

അനുജൻ ഡോ. അലക്സാണ്ടർ എം.ഡി.എസ്. പൊൻകുന്നം പൊടിമറ്റം കുടുംബാംഗമായ ഡോ. സിമിയെ സ്വന്തം ജീവിതപങ്കാളിയാക്കി. ഈ കുടുംബം എറണാകുളത്തു താമസിക്കുന്നു.

ജോസഫ് - മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ചിന്നമ്മയെ ആലപ്പുഴ മുശാരിപറമ്പിൽ തോമസ് - എലിസബത്ത് ദമ്പതികളുടെ മകൻ എം.റ്റി. വർക്കി (വാവച്ചൻ) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏഴു സന്താനങ്ങൾ ജാതരായി.

മൂത്തമകൻ തോമസ് കുന്നേമുറിയിൽ ജോസഫ് - മേരി മകൾ ഡെയിസി (അന്ന) യെ പരിണയിച്ചു ഇവർക്ക് ആഷ്‌ലി അന്ന തോമസ്, അഞ്ജു ട്രീസാ തോമസ് എന്ന രണ്ടുപുത്രിമാരുണ്ട്. ഈ കുടുംബം നിലമ്പൂരിലാണ് താമസിക്കുന്നത്.

രണ്ടാമത്തെ മകൻ ജിമ്മി (ജോസഫ്) മൈങ്കണ്ടം പുള്ളീറ്റ് പി. കെ. കുര്യാക്കോ - മേരി ദമ്പതികളുടെ മകൾ ജാൻസിയെ ജീവിതപങ്കാളിയാക്കി. ഈ ദമ്പതികൾക്ക് ബ്രൂണ, അയോണ, ഹെലൻ എന്ന മൂന്നുപെൺമക്കളുണ്ട്. ഈ കുടുംബം മലബാറിൽ ഏരുവാട്ടിരിയിൽ താമസിക്കുന്നു.

മൂന്നാമത്തെ മകൻ ജോർജുകുട്ടി കരുവംചാലിൽ കടക്കുഴ ദേവസ്യാ - മേരി ദമ്പതികളുടെ മകൾ ബിന്നി (റോസമ്മ) യെ വിവാഹം കഴിച്ചു. ജോർട്ടിൻ, സെബാൻ എന്ന രണ്ട് ആൺ മക്കളുണ്ട്. ഈ കുടുംബം കാസർകോട് കോശംകാട്ടിൽ എന്നസ്ഥലത്തു താമസിക്കുന്നു.

നാലാമത്തെ മകൻ മാത്തുകുട്ടി, പനമറ്റത്തിൽ മാത്യു, ഏലിക്കുട്ടി ദമ്പതികളുടെ മകൾ ഡാലി (അന്ന) യെ വിവാഹം കഴിച്ചു. ഇവർക്ക് സ്നേഹ, വർക്കി എന്ന രണ്ടു മക്കളുണ്ട്. ഈ കുടുംബം ഏരുവാട്ടിയിൽ താമസിക്കുന്നു.

അഞ്ചാമത്തെ സന്താനമായ റെജി നീലേശ്വരം കാനാട്ട് ജോസഫ് - മേരി ദമ്പതികളുടെ പുത്രൻ സണ്ണി (ജൂലിൻ ജോസഫ്) യുടെ കുടുംബിനിയാണ്. ഇവർക്ക് അലൻ എന്നൊരു മകനുണ്ട്.

ആറാമത്തെ സന്താനമായ റീനാ ചിറ്റാരിക്കൽ മാരിപ്പുറത്തു സ്കറിയാ - മേരി ദമ്പതികളുടെ മകൻ ജോയിയുടെ ഭാര്യയാണ്. ഈ ദമ്പതികൾക്കു റോസ്മരിയ എന്നൊരു മകൾ ഉണ്ട്.

ചിന്നമ്മ - വർക്കി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ അലക്സാണ്ടർ തറവാട്ടിൽ താമസിക്കുന്നു.

പിതാവു വർക്കി 1994 ജനുവരി 17- നും മാതാവ് ചിന്നമ്മ 1995 മാർച്ച് 22 -നും മരിച്ചു. ഏരുവാട്ടിയിൽ മേരിഗിരി ഫൊ. പള്ളി സിമിത്തേരിയിൽ സംസ്ക്കരിച്ചു.

ജോസഫ് - മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ എം.ജെ. തോമസ് ചമ്പക്കര വലിയമറ്റത്തിൽ (ആറ്റുകുഴിയിൽ) സ്കറിയാ - അന്നമ്മ മകൾ മേരിക്കുട്ടിയെ പാണിഗ്രഹണം ചെയ്തു. മൂഴൂർ പള്ളിയിൽ വച്ച് 1965 ഫെബ്രുവരി 22-നായിരുന്നു വിവാഹം. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ ഉണ്ട്.



**മണിയങ്ങാട്ട് എം.ജെ. തോമസും ഭാര്യയും**

മൂത്ത മകൻ ബിജു റ്റോം ഏറ്റുമാനൂർ വെട്ടൂർ മാത്തുക്കുട്ടി - മേരിയമ്മ ദമ്പതികളുടെ പുത്രി മഞ്ജുവിനെ സ്വകുടുംബിനിയാക്കി 1997 ആഗസ്റ്റ് 9 -ന് മൂഴൂർ പള്ളിയിൽ വച്ചാണ് ആ മംഗളകാര്യം നടന്നത്. ഈ വിവാഹിതർക്ക് നീരജ് എന്നൊരു പുത്രനും നീതു എന്നൊരു പുത്രിയും ഉണ്ട്. ബിജു - മഞ്ജുമോൾ, വെസ്റ്റിൻഡീസിൽ അധ്യാപകരാണ്.

ആറാമത്തെ സന്താനമായ റീനാ ചിറ്റാരിക്കൽ മാരിപ്പുറത്തു സ്കറിയാ - മേരി ദമ്പതികളുടെ മകൻ ജോയിയുടെ ഭാര്യയാണ്. ഈ ദമ്പതികൾക്കു റോസ്മരിയ എന്നൊരു മകൾ ഉണ്ട്.

ചിന്നമ്മ - വർക്കി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ അലക്സാണ്ടർ തറവാട്ടിൽ താമസിക്കുന്നു.

പിതാവു വർക്കി 1994 ജനുവരി 17- നും മാതാവ് ചിന്നമ്മ 1995 മാർച്ച് 22 -നും മരിച്ചു. ഏരുവാട്ടിയിൽ മേരിഗിരി ഫൊ. പള്ളി സിമിത്തേരിയിൽ സംസ്ക്കരിച്ചു.

ജോസഫ് - മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ എം.ജെ. തോമസ് ചമ്പക്കര വലിയമറ്റത്തിൽ (ആറ്റുകുഴിയിൽ) സ്കറിയാ - അന്നമ്മ മകൾ മേരിക്കുട്ടിയെ പാണിഗ്രഹണം ചെയ്തു. മൂഴൂർ പള്ളിയിൽ വച്ച് 1965 ഫെബ്രുവരി 22-നായിരുന്നു വിവാഹം. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ ഉണ്ട്.



**മണിയങ്ങാട്ട് എം.ജെ. തോമസും ഭാര്യയും**

മൂത്ത മകൻ ബിജു റ്റോം ഏറ്റുമാനൂർ വെട്ടൂർ മാത്തുക്കുട്ടി - മേരിയമ്മ ദമ്പതികളുടെ പുത്രി മഞ്ജുവിനെ സ്വകുടുംബിനിയാക്കി 1997 ആഗസ്റ്റ് 9 -ന് മൂഴൂർ പള്ളിയിൽ വച്ചാണ് ആ മംഗളകാര്യം നടന്നത്. ഈ വിവാഹിതർക്ക് നീരജ് എന്നൊരു പുത്രനും നീതു എന്നൊരു പുത്രിയും ഉണ്ട്. ബിജു - മഞ്ജുമോൾ, വെസ്റ്റിൻഡീസിൽ അധ്യാപകരാണ്.

തികൾ ഇപ്പോൾ വെസ്റ്റീൻഡീസിൽ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു.



**മണിയങ്ങാട്ട് തെയ്യാമ്മ**

ചാണ്ടി ജോസഫ് - മറിയാമ്മ ദമ്പതികളുടെ കനിഷ്ഠ പുത്രി തെയ്യാമ്മ ത്രേസ്യാമ്മ ജോസഫ് B.Sc. B.Ed. ഇപ്പോൾ റിട്ട. ഹൈസ്കൂൾ അധ്യാപികയാണ്. മലബാറിൽ പടപ്പേങ്ങാട്ടു താമസിക്കുന്നു. അവിവാഹിതയാണ്.

## മണിയങ്ങാട്ടു ചെമ്മൂക്കിമാക്കൽ ചാണ്ടി ലൂക്കാ

മണിയങ്ങാട്ടു ചെമ്മൂക്കിമാക്കൽ ചാണ്ടിയുടെ മൂന്നാമത്തെ മകൻ ലൂക്കാ 1902 ജനുവരി 12-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വരാപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കി. 1931 ഡിസംബർ 19-ാം തീയതി ഗുരുപ്പട്ടം സ്വീകരിച്ചു. ഇളങ്ങുളം, പ്രവിത്താനം, കരിമ്പനക്കുളം, ചമ്പക്കര, പങ്ങട, ഉാക്കാട്ടൂർ, തോട്ടയ്ക്കാട്ട്, താമരക്കുന്ന്, ചെങ്ങളം എന്നീ പള്ളികളിൽ വിശ്വസ്തതാപൂർവ്വം പൗരോഹിത്യശുശ്രൂഷ നിർവഹിച്ചശേഷം സ്വന്തം ഇടവകയായ കൊഴുവനാൽ പള്ളിയിൽ വിശ്രമജീവിതം നയിച്ചു വരവേ, കല്ലൂർകുളം മഠം ചാപ്ലയിനായി നിയമിക്കപ്പെട്ടു. അവിടെ വച്ച് പ്രമേഹരോഗം മൂർച്ഛിച്ച് 1976 ജൂലൈ 29-ാം തീയതി കൊഴുവനാൽ ഫാത്തിമാ ആശുപത്രിയിൽ ശയ്യാവലംബിയായിരിക്കെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പിറ്റേദിവസം കൊഴുവനാൽ പള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു. പുണ്യചരിതനായ ഫാ. ലൂക്കാ മണിയങ്ങാട്ടിന്റെ സ്മരണ ഇന്നും നിലനില്ക്കുന്നു.



എം.സി. ചാണ്ടി (പാപ്പൻ)   മറിയാമ്മ ചാണ്ടി

ചെമ്മുക്കിമാക്കൽ ചാണ്ടിയുടെ നാലാമത്തെ മകൻ ചാണ്ടി (പാപ്പൻ) 1905 ഒക്ടോബർ 19-ാം തീയതി ജനിച്ചു. 15-ാം വയസ്സിൽ ചെങ്ങളം പള്ളി ഇടവക ചെങ്ങളത്തുപറമ്പിൽ വർക്കി - ബ്രിജീത്താ ദമ്പതികളുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതി കൾക്ക് എട്ടു മക്കൾ ജാതരായി.

മൂത്ത മകൾ മറിയക്കുട്ടിയെ വാഴൂർ കളത്തൂർ കുരുവിള റോസ ദമ്പതികളുടെ മൂത്തമകൻ ചെറിയാൻ മംഗല്യം ചാർത്തി. ഈ കുടുംബം മലബാറിൽ തൊട്ടിൽ പാലത്തു താമസിക്കുന്നു. ഈ ദമ്പതികൾക്ക് എട്ടുമക്കളുണ്ട്.

മൂത്തമകൻ ജോസ് ചെറിയാൻ വെമ്പള്ളി നരിക്കുഴി എബ്രാഹം - മേരി ദമ്പതികളുടെ പുത്രി റ്റെസിയെ സ്വകുടുംബിനിയാക്കി. ഇവർ ഇരുവരും ചാത്തൻകോട്ടുനട സ്കൂൾ അധ്യാപകരാണ്. ഇവർക്ക് നാലുമക്കളുണ്ട്.

മറിയക്കുട്ടി - ചെറിയാൻ ദമ്പതികളുടെ രണ്ടാമത്തെ സന്താന മായ വത്സമ്മ അധ്യാപികയാണ്. കോഴിക്കോട്ടു ബാങ്കുമാനേജരും കണ്ണോത്ത് പൊൻകല്ലുങ്കൽ പൗലോസ് - മറിയം ദമ്പതികളുടെ പുത്രനുമായ മാത്തച്ചനാണ് വത്സമ്മയുടെ ജീവിത പങ്കാളി. ഇവർക്ക് മൂന്നുമക്കളുണ്ട്.

മറിയക്കുട്ടി - ചെറിയാൻ ദമ്പതികളുടെ മൂന്നാമത്തെ സന്താ നമായ ബാബു പാളയം ചെമ്പകമറ്റത്തിൽ ജോസഫ് - ത്രേസ്യാ ക്കുട്ടി ദമ്പതികളുടെ മകൾ മേരിയമ്മയെ മംഗല്യം ചാർത്തി. ഇവർ

രണ്ടാളും അധ്യാപകരാണ്. ഇവർക്ക് രണ്ടുമക്കളുണ്ട്. ഈ കുടുംബം കാവിലുംപാറയിൽ താമസിക്കുന്നു.

മറിയക്കുട്ടി - ചെറിയാൻ ദമ്പതികളുടെ നാലാമത്തെ സന്താനമായ കുറുവച്ചൻ തിരുവമ്പാടി തോണിപ്പാറ ജോസഫ് - ശോശാമ്മ മകൾ ലിജിയെ മന്ത്രകോടിയണിയിച്ചു. ഈ ദമ്പതികൾക്കു മൂന്നു മക്കളുണ്ട് ഈ യുവദമ്പതികൾ ബഹ്റനിൽ ഭാഗധേയം കണ്ടെത്തിയിരിക്കുന്നു.

മറിയക്കുട്ടി - ചെറിയാൻ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ സണ്ണിയും ഭാര്യ വെമ്പള്ളി പ്ലാത്തറപ്പേൽ ജോസഫ് - ത്രേസ്യാമ്മ മകൾ മിനിയും ബഹ്റനിലാണ്. ഈ ദമ്പതികൾക്ക് ഒരു കുട്ടിയുണ്ട്.

മറിയക്കുട്ടി - ചെറിയാൻ ദമ്പതിമാരുടെ ആറാമത്തെ സന്താനമായ രാജുവും ബഹ്റനിൽ ജോലിയിലാണ്.

ഏഴാമത്തെ സന്താനമായ ലാലു പെരുമ്പല്ലൂർ (തലയാട്) ജോണി - മേരി ദമ്പതികളുടെ മകൾ പ്രീതിയെ വിവാഹം ചെയ്തു. ലാലു അധ്യാപകനായി സേവനം ചെയ്യുന്നു. എട്ടാമത്തെ സന്താനമായ ജോൺസൺ തറവാട്ടിൽ കഴിയുന്നു.



**കല്ലൂർകുളത്ത് മണിയങ്ങാട്ട് എം.സി. അലക്സാണ്ടറും കുടുംബം**

പാപ്പൻ - മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ കുട്ടപ്പൻ (അലക്സാണ്ടർ) ചിറക്കടവ് അഞ്ചിലിപ്പപ്പള്ളി ഇടവക ഉറുമ്പിൽ വീട്ടിൽ തോമസ് - ഏലിയാമ്മ ദമ്പതികളുടെ മകൾ മറിയക്കുട്ടിയെ പാണിഗ്രഹണം ചെയ്തു. ഇവർ പുളിക്കൽ കവലയിൽ

വസിക്കുന്നു. ഇവർക്ക് 5 മക്കളുണ്ട്. മൂത്തമകൻ ബാബു (അലക്സ്) എരുമേലി കൊക്കപ്പുഴവീട്ടിൽ മാത്യു-തങ്കമ്മ ദമ്പതികളുടെ പുത്രി മേഴ്സിയെ പരിണയിച്ചു. ഇവർക്ക് റോസ്മോൾ എന്നുകുട്ടിയുണ്ട്.

രണ്ടാമത്തെ സന്താനമായ മോളിയെ തൃശൂർ, വെങ്ങാലൂർ പൂവത്തുംകാരൻ പി.വി. വറീത് - കുഞ്ഞിലിക്കുട്ടി ദമ്പതികളുടെ മകൻ വിൽസൺ മംഗല്യം ചാർത്തി. ഇവർക്ക് ജൂലി എന്നൊരു മകളുണ്ട്.

മൂന്നാമത്തെ സന്താനമായ കുഞ്ഞുമോൾ നെടുങ്കുന്നം പുതിയാപറമ്പിൽ ജേക്കബ് - കുഞ്ഞമ്മ ദമ്പതികളുടെ മകൻ റെജിയുടെ സഹധർമ്മിണിയാണ്. ഈ ദമ്പതികൾക്ക് രണ്ടുമക്കളുണ്ട്.

നാലാമത്തെ സന്താനമായ ബീനായെ മരങ്ങാട്ടുപിള്ളി കളപ്പുരയ്ക്കൽ ജോസഫ് - ലില്ലിക്കുട്ടി ദമ്പതികളുടെ മകൻ ജിമ്മി ഭർത്തൃമതിയാക്കി. ഈ ഭാര്യാഭർത്താക്കന്മാർക്ക് രണ്ടുമക്കളുണ്ട്.

അഞ്ചാമത്തെ സന്താനമായ തോമസ് അലക്സ് (മോൻ) കാഞ്ഞിരമറ്റം കോഴികൊത്തിക്കൽ കുരുവിള ഏലിക്കുട്ടി ദമ്പതികളുടെ മകൾ ചിത്രയെ വിവാഹം ചെയ്തു. ഒരു മകൻ ഉണ്ട്.

പാപ്പൻ - മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ബ്രിജീത്താ പതിനഞ്ചാമത്തെ വയസ്സിൽ കർത്താവിന്റെ മുന്തിരിത്തോട്ടത്തിലേക്ക് ഇറുത്തെടുക്കപ്പെട്ടു. പാപ്പൻ- മറിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ വർക്കിയച്ചൻ (ജോർജ്) തറവാട്ടിൽ താമസിക്കുന്നു. മൈലാടിയിൽ അഡ്വക്കേറ്റ് എം.എം. മത്തായി - ചേച്ചമ്മ ദമ്പതികളുടെ മകൾ മേഴ്സിയെ 1968 മെയ് 30-ന് ജീവിതപങ്കാളിയായി വരിച്ചു. മേഴ്സി മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂൾ അധ്യാപികയായിരുന്നു. ഈ ദമ്പതികൾക്ക് മൂന്നുമക്കളാണുള്ളത്.



**മണിയങ്ങാട്ട് കല്ലൂർകുളത്ത് എം.സി. ജോർജും കുടുംബവും**



**കല്ലൂർ കുളത്ത് വർക്കിച്ചൻ മകൻ മത്തായിയച്ചന്റെ മക്കൾ ക്രിസ് ജോർജ് ഫെലിക്സ്, ഹാരിസ് ജോസ് ഫെലിക്സ്**

മൂത്തമകൻ അലക്സ് ജോർജ് 1969 മാർച്ച് 8–ന് ഭൂജാതനായി. ഇപ്പോൾ ഹൈദരാബാദിൽ ടാറ്റാ പ്രോജക്റ്റ് ലിമിറ്റഡിൽ സിസ്റ്റംസ് അഡ്മിനിസ്ട്രേറ്ററായി ജോലിയിലിരിക്കുന്നു. ഭരണങ്ങാനം മുണ്ടാട്ടു മാത്തച്ചൻ – പെണ്ണമ്മ ദമ്പതികളുടെ പുത്രി ഷെൽമയെ 1998 മെയ് 25–ൽ അലക്സ് പാണിഗ്രഹണം ചെയ്തു. ഷെൽമ ഹൈദരാബാദിൽ സെൻട്രൽ സ്കൂൾ അധ്യാപികയാണ്. ഈ കുടുംബം ഹൈദ രാബാദിൽ വാസമുറപ്പിച്ചിരിക്കുന്നു.

രണ്ടാമത്തെ മകൻ ഫെലിക്സ് ജോർജ് (മത്തായികുഞ്ഞ്) 1972 മെയ് 1–ന് ജനിച്ചു. ഇപ്പോൾ ഡെൽഹിയിൽ ഫിലിപ്സ് മെഡിക്കൽ സിസ്റ്റംസ് ഇൻഡ്യാ ലിമിറ്റഡിൽ ബയോമെഡിക്കൽ എൻജിനീയറായി ജോലിചെയ്യുന്നു. ഭരണങ്ങാനം ഓലിക്കൽ സണ്ണി – തെയ്യാമ്മ ദമ്പതികളുടെ മകൾ റെനി (ഇസബെൽ) ആണ് പത്നി. 2000 ഒക്ടോബർ 26–ന് ആയിരുന്നു ഇവരുടെ മംഗല്യകർമ്മം നടന്നത്. ഇവർക്ക് ജോർജ് – ജോസ് എന്നു രണ്ടുപുത്രന്മാരുണ്ട്. ഈ കുടുംബം ഡൽഹിയിൽ ചേക്കേറിയിരിക്കുന്നു.

വർക്കിച്ചൻ – മേഴ്സി ദമ്പതികളുടെ മൂന്നാമത്തെ മകൻ ബോബി ജോർജ് 1974 ഏപ്രിൽ 24–നു ജനിച്ചു. എം.എസ്.സി. ഐ.റ്റി പാസ്സായി.

പാപ്പൻ - മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താന മായ ചിന്നമ്മ വിളക്കുമാടം പിണമറുകിൽ മൈക്കിൾ - കുഞ്ഞേലി ദമ്പതികളുടെ പുത്രൻ ഔസേപ്പച്ചന്റെ കുടുംബിനിയാണ്. ഇവർക്ക് അഞ്ചുമക്കളുണ്ട്.

മൂത്തമകൾ ലിസ്സി അധ്യാപികയാണ്. തോടനാൽ മറ്റത്തിൽ ചാക്കോ - ചിന്നമ്മ ദമ്പതികളുടെ പുത്രൻ മിലിറ്ററി എൻജിനീയർ റ്റോമിയാണ് ലിസ്സിയുടെ കണവൻ. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കളുണ്ട്. ഈ കുടുംബം ഡൽഹി മഥുരയിൽ താമസിക്കുന്നു.

രണ്ടാമത്തെ മകൾ മേഴ്സി സിവിൽ എൻജിനീയർ ആണ്.

മൂന്നാമത്തെ മകൾ ആൻസി അധ്യാപികയാണ്. വെട്ടിമുകൾ തെക്കേകൊട്ടാരത്തിൽ ചാക്കോ - ത്രേസ്യാമ്മ ദമ്പതികളുടെ പുത്രൻ സജിയാണ് ജീവിതപങ്കാളി. ഈ ദമ്പതികൾക്ക് രണ്ടുമക്കളുണ്ട്.

നാലാമത്തെ മകൻ റൂവാച്ചൻ ദീപികയിൽ സേവനം ചെയ്യുന്നു.

ചിന്നമ്മ - ഔസേപ്പച്ചൻ ദമ്പതികളുടെ ഇളയസന്താനമായ അലക്സീനാ വിദ്യാഭ്യാസം ചെയ്യുന്നു.

പാപ്പൻ - മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ തെയ്യാമ്മ തോട്ടയ്ക്കാട് ചോതിരക്കുന്നേൽ വർക്കി ഏലിയാമ്മ ദമ്പ തികളുടെ പുത്രൻ കറിയാച്ചന്റെ ധർമ്മദാരങ്ങളാണ്. ഈ ദമ്പതി കൾക്ക് ലീന, ലിജോ, ലിറ്റി, ലീസ എന്നു നാലുമക്കളുണ്ട്. കറിയാ ച്ചൻ 1998 ഡിസംബർ 10-ന് അന്തരിച്ചു.

മൂത്തമകൾ ലീന ന്യൂഡെൽഹിയിൽ ജി.റ്റി.ബി ഹോസ്പിറ്റ ലിൽ സ്റ്റാഫ് നഴ്സ് ആണ്. മാമ്മൂടു പെരുമ്പ്രായിൽ മാത്യു - ഏലി യാമ്മ ദമ്പതികളുടെ പുത്രൻ ഷാജിയാണ് ലീനായുടെ ജീവിതപ ങ്കാളി. ഇവർക്ക് രണ്ടു മക്കളുണ്ട്. ഈ കുടുംബം ഡൽഹിയിൽ താവളമുറപ്പിച്ചിരിക്കുന്നു.

രണ്ടാമത്തെ സന്താനമായ ലിജോ പിതൃഭവനത്തിൽ സ്വസ്ഥ ജീവിതം നയിക്കുന്നു.

മൂന്നാമത്തെ സന്താനമായ ലിറ്റി ഗൾഫിൽ നഴ്സായി ജോലി ചെയ്യുന്നു.

തെയ്യാമ്മ - കറിയാച്ചൻ ദമ്പതികളുടെ കനിഷ്ഠപുത്രി ലിസാ, വിദ്യാഭ്യാസഘട്ടത്തിലാണ്.

പാപ്പൻ - മറിയാമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായ സിസിലി അധ്യാപികയാണ്. ഭർത്താവ് ചാക്കോച്ചൻ കപ്പാടു പിണ മറുകിൽ ദേവസ്യാ - മറിയം ദമ്പതികളുടെ പുത്രനാണ്. തിരുവനന്തപുരം ഐ.ജി. ആഫീസിൽ ഓഡിറ്റിംഗ് സെക്ഷനിലാണ് ചാക്കോച്ചന് ഉദ്യോഗം. ഈ ദമ്പതികൾക്ക് രണ്ടുപുത്രിമാരുണ്ട്. ഇവർ തിരുവനന്തപുരത്തു താമസിക്കുന്നു.

ഇവരുടെ മൂത്തമകൾ റാണി പുതുപ്പള്ളി എൻജിനീയറിംഗ് കോളേജിൽ പഠിക്കുന്നു.

രണ്ടാമത്തെ മകൾ ലിധിയായും പഠിക്കുന്നു.

പാപ്പൻ - മറിയാമ്മ ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ഫിലോമിനയെ കടനാട് പാറേമ്മാക്കൽ ആന്റണി - ബ്രിജീത്ത ദമ്പതികളുടെ പുത്രൻ ജോയി (മാത്യു) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാലു മക്കളുണ്ട്.

മൂത്തമകൾ ബ്ലസ്സി ന്യൂഡെൽഹി നോയിഡമെഡിക്കൽ സെന്ററിൽ നഴ്സായി സേവനം ചെയ്യുന്നു.

രണ്ടാമത്തെ മകൾ പ്രിൻസി ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ നഴ്സിംഗ് പരിശീലനത്തിലാണ്.

മൂന്നാമത്തെ സന്താനമായ ആൽഫിയും നാലാമത്തെ സന്താനമായ ജോയലും ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നു.

മണിയങ്ങാട്ട് ചെമ്മൂക്കിമാക്കൽ ചാണ്ടി (പാപ്പൻ) 1991 നവംബർ 22-ാം തീയതി 86-ാം വയസ്സിലും ഭാര്യ മറിയാമ്മ ചാണ്ടി 1997 സെപ്റ്റംബർ 19-ാം തീയതി 90-ാം വയസ്സിലും കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ഇരുവരെയും യഥാകാലം മണലുങ്കൽ സെന്റ് മേരീസ് പള്ളി സിമിത്തേരിയിലെ കുടുംബകല്ലറയിൽ യഥാവിധി സംസ്ക്കരിച്ചു.

മാത്യു മണിയങ്ങാടൻ ത്രേസ്യാ മാത്യു

**മാത്യു മണിയങ്ങാടൻ എക്സ്. എം.പി.**

മണിയങ്ങാട്ട് ചെമ്മുക്കിമാക്കൽ ലൂക്കാ ചാണ്ടിയുടെ അഞ്ചാമത്തെ പുത്രനായ മാത്യു 1912 ഫെബ്രുവരി 12-ാം തീയതി ഭൂജാതനായി. ബി.എ, ബി.എൽ. പാസ്സായശേഷം 1939 ഫെബ്രുവരി 3-ാം തീയതി കോട്ടയം ജില്ലാകോടതി വക്കീലായി എൻട്രോൾ ചെയ്ത് കോട്ടയത്ത് പ്രാക്റ്റീസ് ആരംഭിച്ചു. തമ്പലക്കാട് കതയനാട്ടു തൊമ്മച്ചൻ - ത്രേസ്യാമ്മ ദമ്പതികളുടെ മൂത്തമകളും ബി.എ. ബിരുദധാരിണിയുമായ ചാച്ചിക്കുട്ടിയെ മാത്യു പാണിഗ്രഹണം ചെയ്തു.

ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരും നാലുപുത്രിമാരും ജാതരായി. മൂത്തമകൾ മേഴ്സി ബി.എസ്.സിയെ കോട്ടയത്തു കളരിക്കൽ കെ.പി. ജയിംസ് സ്വന്തം ധർമ്മദാരങ്ങളാക്കി. ഇവർക്കു ഒരു പുത്രനും ഒരു പുത്രിയും സന്താനങ്ങളായുണ്ട്. ഡൽഹിയിൽ താമസിക്കുന്നു.

രണ്ടാമത്തെ പുത്രി തെരേസയും ബി.എസ്.സി. ബിരുദധാരിണിയാണ് താമരക്കുന്നുപള്ളി ഇടവക വെട്ടിക്കാട്ടിൽ ഡൊമിനിക്ക് ആണ് കണവൻ. ഇവർക്ക് രണ്ടുപുത്രന്മാരും ഒരു പുത്രിയും ഉണ്ട്.

ആൺമക്കളിൽ പ്രഥമനായ അലക്സാണ്ടർ ബി.എസ്സ്.സി. എം.ബി.ബി.എസ്., എം.ഡി. ബിരുദങ്ങൾ നേടി. 1972-ൽ തൃശൂർ മേക്കാ

ട്ടുകുളം അഗസ്റ്റിൻ - സിസിലി ദമ്പതികളുടെ പുത്രി മറിയാമ്മയെ ഡോ. അലക്സാണ്ടർ മാത്യു സഹധർമ്മിണിയായി വരിച്ചു. ഈ ദമ്പതികൾക്ക് റീനാ, ജോജി, തോമസ് എന്ന മൂന്നുമക്കൾ ഉണ്ട്.

മൂത്തമകൾ റീനാ 1974 ൽ ജനിച്ചു. എൻജിനീയറിംഗ് പഠനത്തിനുശേഷം അമേരിക്കയിൽ ഔദ്യോഗികജീവിതം നയിക്കുന്നു.

അലക്സാണ്ടർ കുറേക്കാലം അമേരിക്കയിൽ ഡോക്ടറായി സേവനം ചെയ്തശേഷം നാട്ടിലേക്കു മടങ്ങി. ഇപ്പോൾ എറണാകുളം മഞ്ഞുമ്മേൽ ആശുപത്രിയിൽ സേവനം ചെയ്യുന്നു. എറണാകുളം കലൂർ ബസ്സ്റ്റാന്റിനുസമീപമാണ് താമസം.

മാത്യു - ചാച്ചിക്കുട്ടി ദമ്പതിമാരുടെ നാലാമത്തെ സന്താനമായ ആനിയമ്മ എം. എസ്. സി. സന്യാസസഭയിൽ ചേർന്നു. പല കോളേജുകളിലും അധ്യാപികയായി സേവനം അനുഷ്ഠിച്ചു. ഒടുവിൽ പാലക്കാട് മേഴ്സി കോളേജ് പ്രിൻസിപ്പലായി.

അഞ്ചാമത്തെ സന്താനമായ റോസമ്മയും ഡോക്ടറാണ്. പോൾ മാഞ്ഞൂരാനാണ് ജീവിത പങ്കാളി. ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാരുണ്ട്.

ആറാമത്തെ സന്താനമായ ജോർജ് ബി.ടെക് എം.ബി.എ പാസ്സായി. കാക്കനാട് മാനിയത്തറ ജോളി, ആനീസ് ദമ്പതികളുടെ പുത്രി മേരിയാണ് സഹധർമ്മിണി ഈ കുടുംബം അമേരിക്കയിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്.

മാത്യു മണിയങ്ങാടൻ 1952 മുതൽ 1953 വരെ തിരു കൊച്ചി നിയമഭയിൽ മീനച്ചിൽ ഡിവിഷനെ പ്രതിനിധീകരിച്ചു തിരഞ്ഞെടുക്കപ്പെട്ട സാമാജികനായിരുന്നു. 1957 മുതൽ 1967 വരെ കോട്ടയത്തെ പ്രതിനിധീകരിച്ച് ഇൻഡ്യൻ പാർലമെന്റ് അംഗമായും (എം. പി) നിസ്തുലസേവനം അനുഷ്ഠിച്ചു.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ കേരളത്തിലെ ഒരു സമുന്നതനേതാവായിരുന്ന മാത്യു മണിയങ്ങാടൻ സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുക്കുകയും അറസ്റ്റുവരിക്കുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

ചരിത്രത്തിൽ മണിയങ്ങാടൻ കമ്മറ്റി റിപ്പോർട്ട് എന്ന പേരിൽ അറിയപ്പെടുന്ന കമ്മിറ്റി റിപ്പോർട്ടു തയാറാക്കുന്നതിൽ അധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം നിർവഹിച്ച അതുല്യസേവനങ്ങളുടെ പേരിലായിരിക്കാം ആ കോൺഗ്രസ് നേതാവ് എക്കാലവും സ്മരിക്കപ്പെടുക. കേരളത്തിലെ കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ അവഗാഢം പഠിച്ച് അവയ്ക്ക് ഉചിതവും ഫലപ്രദവുമായ പരിഹാരനടപടികൾ നിർദ്ദേശിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിനു സമർപ്പിച്ച പ്രസ്തുത മണിയങ്ങാടാൻ കമ്മറ്റി റിപ്പോർട്ട് കേരളത്തിലെ മലയോരകർഷകരെ സംബന്ധിച്ചിടത്തോളം ഒരു മാഗ്നാകാർട്ടാ തന്നെയായിരുന്നു.

ഇങ്ങനെ രാജ്യത്തിനും കർഷക ജനസാമാന്യത്തിനുവേണ്ടി അമൂല്യസേവനങ്ങൾ കാഴ്ചവച്ച ആ മനുഷ്യസ്നേഹി 1974 നവംബർ 14-ാം തീയതി കഥാവശേഷനായി. അദ്ദേഹത്തിന്റെ പ്രിയകുടുംബിനി ചാച്ചിക്കുട്ടി മാത്യു 1958 നവംബർ 9-നാണ് അദ്ദേഹത്തെയും മറ്റുപ്രിയപ്പെട്ടവരെയും എന്നെന്നെയ്ക്കുമായി വിട്ടുപിരിഞ്ഞത്.

ആ ധന്യസ്മരണയ്ക്കുമുമ്പിൽ നമുക്കുനമോവാകം അർപ്പിക്കാം.

